## പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 209** **10.12.2012 - ൽ മറുപടിയ്ക്ക്**

## പത്മ എസ്റ്റേറ്റിലെ അനധികൃത മരം മുറിക്കൽ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.പി.കെ.ഗുരുദാസൻ** | **കെ.ബി.ഗണേഷ്കുമാർ**<br>**(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി)** |
| (എ) മീനങ്ങാടി പഞ്ചായത്തിൽ പുറക്കാടി വില്ലേജിലെ പത്മ എസ്റ്റേറ്റിൽ അനധികൃതമായി വീട്ടി ഉൾപ്പെടെയുള്ള മരങ്ങൾ മുറിച്ച് മാറ്റാൻ ശ്രമിച്ചത് വനം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ബി) അനുമതി ഇല്ലാതെ മരം മുറിക്കാൻ അനുവാദം നൽകിയ തോട്ടം ഉടമയ്ക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ; | (എ) & (ബി) ഉണ്ട്. മീനങ്ങാടി പഞ്ചായത്തിൽ പുറക്കാടി വില്ലേജിലെ പത്മ എസ്റ്റേറ്റിൽ നിന്നും, വനം വകുപ്പിന്റെ അനുമതിയോടുകൂടി 11 (പതിനൊന്ന്) കുറ്റി വീട്ടി മരങ്ങൾ മുറിക്കുന്നതിനും വീണു കിടക്കുന്ന 2 (രണ്ട്) കുറ്റി വീട്ടി മരങ്ങൾ, മറ്റ് കാർഷിക വിളകൾക്ക് നാശം സംഭവിക്കുന്ന രീതിയിൽ ഉണങ്ങി നിൽക്കുന്ന ഒരു വീട്ടി മരവും, വെന്തേക്ക്, പാതിരി, വേങ്ങ, കരിമരുത് തുടങ്ങിയ വിവിധ ഇനത്തിൽപ്പെട്ട 20 കുറ്റി മരങ്ങൾ മുറിക്കുന്നതിനുമായി മുൻകൂർ അനുമതി നൽകിയിരുന്നു. ഈ ഉത്തരവിന്റെ മറവിൽ 6 വീട്ടി മരങ്ങൾ അനധികൃതമായി മുറിച്ച് മാറ്റുവാൻ ശ്രമിച്ചത് വനം വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുകയും ഒ.ആർ. 15/12 നമ്പരായി ചെതലത്ത് റെയിഞ്ചിൽ കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. അനുമതി ഇല്ലാതെ അനധികൃതമായി 6 കുറ്റി വീട്ടി മരങ്ങൾ മുറിച്ചതിന് തോട്ടം ഉടമക്കെതിരെയും മരങ്ങൾ മുറിച്ച മൂസ്സ എന്ന ആളുടെ പേരിലുമാണ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയത്. എന്നാൽ കരാർ വ്യവസ്ഥകൾക്ക് വിരുദ്ധമായി നിയമാനുസൃതമുള്ള; വനം വകുപ്പിന്റെ മുൻകൂർ അനുമതിയില്ലാതെ ശ്രീ.മൂസ്സ |

| | | | |
|---|---|---|---|
| | | | എന്നയാളുടെ ഉത്തരവാദിത്വത്തിൽ ആണ് മരങ്ങൾ മുറിച്ചത് എന്ന് ബോദ്ധ്യപ്പെട്ടതിനാൽ<br>അനധികൃതമായി മരം മുറിച്ചതിന് ശ്രീ.മൂസ്സയെ പ്രതിയാക്കി കേസ്സ് കോടതിയിൽ ചാർജ്ജ് ചെയ്യുകയും, സ്ഥലം ഉടമ ശ്രീ.എം.പി.വീരേന്ദ്രകുമാറിനെ പ്രതി സ്ഥാനത്തുനിന്ന് ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | തോട്ടത്തിൽ നിന്നും എത്ര മരങ്ങൾ മുറിച്ച് കടത്തിയിട്ടുണ്ട്; മുറിച്ചിട്ട മരങ്ങളിൽ അവശേഷിക്കുന്നവ ആരുടെ കസ്റ്റഡിയിലാണ് സൂക്ഷിച്ചിരിക്കുന്നത്; അവശേഷിക്കുന്ന മരങ്ങൾ എത്ര; | (സി) | നിയമാനുസൃതം മുറിക്കുന്നതിന് മുൻകൂർ അനുമതി ആവശ്യമുള്ള വിവിധ ഇനത്തിൽപ്പെട്ട 20 കുറ്റിമരങ്ങളും 14 കുറ്റി വീട്ടി മരവും വനം വകുപ്പിന്റെ മുൻകൂർ അനുമതിയോടുകൂടി മുറിച്ച് നീക്കം ചെയ്തിട്ടുണ്ട്. അനധികൃതമായി 6 (ആറ്) കുറ്റി വീട്ടി മരങ്ങൾ മുറിച്ചിട്ടുണ്ട്. മുറിക്കുന്നതിന് അനുമതി ആവശ്യമില്ലാത്ത പ്ലാവ്, അയനി തുടങ്ങിയ മരങ്ങളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടില്ല. അനധികൃതമായി മുറിച്ച 6 കുറ്റി വീട്ടി മരങ്ങളിൽ നിന്നും 35 കഷ്ണം സർക്കാർ ബന്തവസ്സിലെടുത്ത് സൂക്ഷിക്കുന്നു. |
| (ഡി) | പ്രസ്തുത എസ്റ്റേറ്റിന്റെ ഉടമ ആരാണ്? | (ഡി) | എസ്റ്റേറ്റിന്റെ ഉടമസ്ഥൻ ശ്രീ.എം.പി.വീരേന്ദ്രകുമാർ, പത്മ എസ്റ്റേറ്റ്, പുല്ലുമല, പുറക്കാടി, മൈലമ്പാടി ആണ്. |

**സെക്ഷൻ ഓഫീസർ**